"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

വനം വന്യ ജീവി വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽ ദാന പദ്ധതി - വനം വകുപ്പിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയി സേവനത്തിലിരിക്കെ അന്തരിച്ച ശ്രീ. ആർ ഷിജുവിന്റെ ഭാര്യയായ ശ്രീമതി.ആർ.ശ്രീജമോൾക്ക് വനം വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് ഉത്തരവാകുന്നു.

---

വനം വന്യ ജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.167/2021/വനം

തീയതി,തിരുവനന്തപുരം, 08/06/2021.

---

പരാമർശം:- 1 സ.ഉ(പി ) നം 12/99/പി&എ.ആർ.ഡി തിയതി 24/05/1999.

2 ശ്രീമതി ആർ ശ്രീജ മോൾ, ഉണ്ടിയത്ത് കിഴക്കേതിൽ, കോട്ട പി ഒ, കാരക്കാട്, പത്തനംതിട്ട സമർപ്പിച്ച 02.03.2020 തീയതിയിലെ അപേക്ഷ

3 ഭരണ വിഭാഗം ഉപ മുഖ്യ വനപാലകന്റെ 21.07.2020 തീയതിയിലെ ഇ6-375/20 നമ്പർ കത്തും, അനുബന്ധ രേഖകളും.

4 പത്തനംതിട്ട ജില്ലാ കളക്ടറുടെ 24.02.2021, 26.04.2021 തിയതിയിലെ DCPTA/2545-2020-S4 നമ്പർ കത്തും, അനുബന്ധ രേഖകളും.

## ഉത്തരവ്

കൊല്ലം സതേൺ സർക്കിളിനു കീഴിൽ കോന്നി ഡിവിഷനിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയി ജോലി നോക്കി വരവേ 19.08.2019 ൽ അന്തരിച്ച ശ്രീ. ആർ ഷിജുവിന്റെ ഭാര്യയായ ശ്രീമതി ആർ. ശ്രീജമോൾ, സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ, പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (3) പ്രകാരം ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം പരാമർശം (4) പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 07.03.1980 ൽ ജനിച്ച ശ്രീമതി ആർ.ശ്രീജമോൾ പ്ലസ്ടു പാസ്സായിട്ടുണ്ട്. അപേക്ഷകയ്ക്ക് 41 വയസ്സ് പൂർത്തിയായിട്ടുണ്ട് . ടിയാരിയുടെ കുടുംബ വാർഷിക വരുമാനം 3,51,616/- രൂപയാണെന്ന് കിടങ്ങന്നൂർ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, കൊല്ലം സതേൺ സർക്കിളിനു കീഴിൽ കോന്നി ഡിവിഷനിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയി ജോലി നോക്കി വരവേ 19.08.2019 ൽ അന്തരിച്ച ശ്രീ. ആർ. ഷിജുവിന്റെ ഭാര്യയായ ശ്രീമതി ആർ. ശ്രീജമോൾക്ക്, സമാശ്വാസ തൊഴിൽദാന പദ്ധതി നല്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും സീനിയോറിറ്റി സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും വിധേയമായി, വനം വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ ₹26500-60700 ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പത്തനംതിട്ട ജില്ലയിൽ നിലവിൽ ഒഴിവില്ലാത്ത പക്ഷം ഒഴിവുള്ള ജില്ലയിൽ ടിയാരിയെ നിയമിക്കാവുന്നതും പത്തനംതിട്ട ജില്ലയിൽ ഒഴിവു വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാരിക്ക് പത്തനംതിട്ട ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകേണ്ടതുമാണ്.

3. അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം ശരീരിക ആരോഗ്യക്ഷമത എന്നിവ

തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെയും രേഖകളുടെയും വിശ്വാസ്യത ഉറപ്പുവരുത്തി, പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി ടിയാൾക്ക് നിയമനം നൽകികൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം ഉപമുഖ്യവനപാലകൻ നൽകേണ്ടതാണ്.

4. ഈ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവന പുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷക ഏതെങ്കിലും വസ്തുതകൾ മനപൂർവ്വം മറച്ചുവച്ചതായും തെറ്റായ വിവരങ്ങൾ നലകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K.sureshkumar

അഡിഷണൽ സെക്രട്ടറി

പകർപ്പ്

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.

ശ്രീമതി ആർ ശ്രീജ മോൾ, ഉണ്ടിയത്തു് കിഴക്കേതിൽ, കോട്ട പി ഒ, കാരക്കാട്, പത്തനംതിട്ട കേരളം(രജിസ്റ്റേഡ് തപാൽ മടക്ക രസീത് സഹിതം),

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

വെബ്& ന്യൂ മീഡിയ.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by NOUSHA S
Date:Wed Jun 09 14:00:39 IST 2021
Reason: Approved

സെക്ഷൻ ഓഫീസർ.